**ഭരണഭാഷ-മാതൃഭാഷ**

നം.ICDS/A2-2250/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 17.09.2021
ഇ-മെയിൽ :directorate.wcd@kerala.gov.in
ഫോൺ നമ്പർ: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.
ICDS സൂപ്പർവൈസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് – അനീമിയക്കെതിരായ ബോധവൽക്കരണം - ക്യാംപെയിൻ 12 സെപ്റ്റംബർ മാസത്തെ പരിപാടികൾ സംഘടിപ്പിക്കുന്നത് -സംബന്ധിച്ച്.

സൂചന: ഈ കാര്യാലയത്തിൽ നിന്നും DPIക്ക് നൽകിയ 06.09.2021 തീയതിയിലെ ഇതേ നമ്പർ കത്ത്.

വിളർച്ച അഥവാ അനീമിയ നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വകുപ്പ് ക്യാപെയിൻ 12 എന്ന പേരിൽ നടപ്പിലാക്കി വരുന്ന ഊർജ്ജിത വിളർച്ച നിയന്ത്രണ യജ്ഞം പരിപാടി സെപ്റ്റംബർ മാസത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. NFHS-5 കണക്കു പ്രകാരം നിലവിൽ കേരളത്തിലെ കുട്ടികളിലെ അനീമിയ 39.4% ആണ്. അനീമിയ നിർമാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി മുൻകാലങ്ങളിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് WIFS ഗുളിക വിതരണം നടത്തിവന്നിരുന്നു. എന്നാൽ കോവിഡ് രോഗ വ്യാപനത്തോടെ കുട്ടികൾ നേരിട്ട് സ്കൂളുകളിൽ ഹാജരാകാത്ത സാഹചര്യത്തിൽ സ്കൂളുകളിലൂടെ WIFS ഗുളികകൾ വിതരണം നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. കുട്ടികൾ വീടുകളിൽ തന്നെ കഴിയുന്നതിനാൽ ഭക്ഷണ ക്രമീകരണങ്ങളിലൂടെയുള്ള അനീമിയ പ്രതിരോധ പ്രവർത്തനങ്ങൾ ആണ് നിലവിൽ നടത്താൻ കഴിയുക. ഇതു സംബന്ധിച്ച് രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യമായ സാഹചര്യത്തിലാണ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചു കൊണ്ടു രക്ഷകർതൃ യോഗങ്ങളിൽ അനീമിയ ക്യാംപെയിൻ നടത്തുന്നതിന് വകുപ്പ് ആസൂത്രണം നടത്തിയിട്ടുള്ളത്.

സ്കൂൾ തലത്തിലുള്ള കുട്ടികളുടെ ഓൺലൈൻ രക്ഷകർതൃ യോഗത്തിൽ അനീമിയ സംബന്ധിച്ചും അനീമിയ ഒഴിവാക്കുന്നതിന് അവലംബിക്കേണ്ട മാർഗ്ഗങ്ങൾ, കുട്ടികൾക്കായുള്ള ഭക്ഷണക്രമം എന്നിവ സംബന്ധിച്ച് നാഷണൽ ഹെൽത്ത് മിഷൻ സംസ്ഥാന നോഡൽ ആഫീസറായ ഡോ.അമർ ഫെറ്റിൽ നടത്തുന്ന 8 മിനിറ്റ് ദൈർഘ്യമുള്ള ബോധവൽക്കരണ വീഡിയോ വകുപ്പു തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വീഡിയോ സർക്കാർ/എയ്ഡഡ് മേഖലകളിലുള്ള LP/UP/HS/HSS വിഭാഗങ്ങളിലുള്ള സ്കൂളുകളിലെ രക്ഷകർതൃ യോഗങ്ങളിൽ (online) പ്രദർശിപ്പിക്കുന്നതിനുള്ള അനുമതിക്കായി സൂചന പ്രകാരം DPI ഡയറക്ടർക്ക് കത്തു നൽകിയിട്ടുണ്ട്.

GB/

ഇതുമായി ബന്ധപ്പെട്ട് ജില്ലാ/പ്രോജക്ട് തലങ്ങളിൽ അവലംബിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**ജില്ലാതലം**

- പ്രോഗ്രാം ഓഫീസർമാർ അതത് ജില്ലാ വിദ്യാഭ്യാസ ആഫീസുകളുമായി ബന്ധപ്പെട്ട് അനീമിയ ബോധവൽക്കരണം നടത്തുന്നതിന്റെ ആവശ്യകത സംബന്ധിച്ചും ഇതിനായി വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തന രീതി സംബന്ധിച്ചും ചർച്ച നടത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽഓരോ സ്കൂളുകളിലേയും രക്ഷാകർത്തൃ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് CDPO/സൂപ്പർവൈസറുമാരെ ചുമതലപ്പെടുത്തേണ്ടതുമാണ്.

- സ്കൂൾ തലത്തിലുള്ള കുട്ടികളുടെ രക്ഷകർത്തൃ യോഗങ്ങളിൽ അനീമിയ ബോധവൽക്കരണ വീഡിയോ പ്രദർശിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ അതത് ജില്ലകളിലുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ബന്ധപ്പെട്ട സ്കൂളുകളുടെ ഹെഡ് മാസ്റ്റർ/പ്രിൻസിപ്പൽമാർക്ക് നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം.

- ബോധവൽക്കരണവുമായി ബന്ധപ്പെട്ട് വകുപ്പിൽനിന്നും ലഭ്യമാകുന്ന വീഡിയോ പി.ഓ മാർ CDPO മാർക്ക് ലഭ്യമാക്കേണ്ടതും CDPO മാർ യഥാസമയം പ്രസ്തുത വീഡിയോ സ്കൂൾഅധികൃതർക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**പ്രോജക്ടുതലം**

- ശിശുവികസന പദ്ധതി ഓഫീസർമാർ സ്കൂളുകളിലെ പ്രധാന അധ്യാപകരെ നേരിൽ കണ്ട് online രക്ഷകർത്തൃയോഗങ്ങളിൽ അനീമിയ ബോധവൽക്കരണം നടത്തുന്നത് സംബന്ധിച്ച് വ്യക്തമാക്കേണ്ടതും പി.റ്റി.എ മീറ്റിംഗ് നടത്തുന്ന തീയതികൾ ശേഖരിക്കേണ്ടതുമാണ്. അനീമിയ ബോധവൽക്കരണം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർക്ക് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

- PO മാർ ലഭ്യമാക്കുന്ന വീഡിയോ സ്കൂളുകൾക്ക് ഇ-മെയിൽ ആയി ലഭ്യമാക്കേണ്ടതും മീറ്റിംഗ് ദിവസം വീഡിയോ പ്രദർശിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സ്കൂൾഅധികൃതരോടൊപ്പം നടത്തേണ്ടതും ഓൺലൈൻ മീറ്റിംഗിൽ ICDS നെ പ്രതിനിധീകരിച്ച് ശിശുവികസന പദ്ധതി ഓഫീസർ/ സൂപ്പർവൈസർ/ന്യൂട്രീഷനിസ്റ്റ് പങ്കെടുത്ത് മീറ്റിംഗിൽ രക്ഷകർത്താക്കൾ ഉന്നയിക്കുന്ന സംശയങ്ങൾ ദൂരീകരിക്കേണ്ടതുമാണ്.

- പരിപാടി നടത്തിയതു സംബന്ധിച്ചും രക്ഷകർത്തൃ മീറ്റിംഗിൽ പങ്കെടുത്ത രക്ഷകർത്താക്കളുടെ എണ്ണം സംബന്ധിച്ചുമുള്ള റിപ്പോർട്ട് പ്രോഗ്രാം ആഫീസർ മുഖാന്തിരം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഫോർ വനിത ശിശു വികസന ഡയറക്ടർ

GB/